■ പഞ്ചായത്ത് സിനിമ തീയറ്ററിൽ പ്രദർശനം തുടങ്ങി

ആവേശവും ആരവവുമായി സീതത്തോട്ടുകാർ സിനിമ കണ്ടു

ചിറ്റാർ

സീതത്തോട് പഞ്ചായത്ത് സിനിമ തീയറ്ററിൽ സിനിമ കാണുന്നവർ

സീതത്തോടുകാർ ആദ്യമായി ടെൻഷനൊന്നുമില്ലാതെ സെക്കൻഡ് ഷോ കണ്ടു. പത്തനംതിട്ടയിലോ റാന്നിയിലോ എത്തി സിനിമ കണ്ട് തിരിച്ചു മടങ്ങാനുള്ള ബസിന്റെ സമയവും സെക്കൻഡ് ഷോയ്ക്ക് പോയാൽ വന്യജീവികളുടെ റോഡിലെ സഞ്ചാരവും ഒന്നും ഭയക്കാതെ അവർ ആദ്യ സിനിമ സന്തോഷത്തോടെ കണ്ടിറങ്ങി. അഡ്വ. കെ യു ജനീഷ് കുമാർ എംഎൽഎയും സീതത്തോട് പഞ്ചായത്തും ചേർന്ന് യാഥാർഥ്യമാക്കിയ സീതത്തോട് പഞ്ചായത്ത് സിനിമ തീയറ്റർ അങ്ങനെ ചരിത്രം കുറിച്ചു.

ഉദ്ഘാടന ദിവസം പ്രദർശനം നടന്ന അഞ്ച് ഷോയിലും തീയറ്റർ നിറഞ്ഞു. കിഴക്കൻ മേഖലയിൽ ആധുനീക സൗകര്യങ്ങളോടെ സിനിമ കാണാൻ സംവിധാനമൊരുക്കിയ ജനീഷ്കുമാറിന് ജനങ്ങൾ നന്ദി പറഞ്ഞു. വ്യാഴാഴ്ച റിലീസ് ചെയ്ത ജയസൂര്യയുടെ ആട് 3 ആണ് ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിച്ചത്. തീയറ്ററിൽ പ്രദർശനോദ്ഘാടനം പരസ്യപ്പെടുത്തിയ നിമിഷം മുതൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ടിക്കറ്റ് വിൽപ്പന തകൃതിയായി.

വ്യാഴാഴ്ച നടന്ന മുഴുവൻ ഷോയും ഹൗസ് ഫുള്ളായിരുന്നു. 143 പുഷ്ബാക്ക് സീറ്റ് സൗകര്യവും 4 കെ ലേസർ പ്രൊജക്റ്ററും ഡോൾബി അഡ് മോസ് സൗണ്ട് സിസ്റ്റവും ക്രമീകരിച്ചിരിക്കുന്ന പത്തനംതിട്ടയിലെ ആദ്യ തീയറ്റാണിത്. അഡ്വ. കെ യു ജനീഷ് കുമാർ എംഎൽഎ യുടെ ഗവി ടൂറിസം പദ്ധതിയുടെ ഭാഗമായി സീതത്തോട് മാർക്കറ്റ് ജങ്ഷനിൽ നാലു നിലകളിലായി പടുത്തുയർത്തിയ ഷോപ്പിങ് കോംപ്ലക്സിലാണ് തീയറ്റർ ഒരുക്കിയിട്ടുള്ളത്.

മൈലാഞ്ചി മൊഞ്ച്...
മുപ്പത് ദിവസത്തെ റമദാൻ വ്രതാനുഷ്ഠാനത്തിന് ശേഷമാണ് വിശ്വാസികൾ ഈദുൽഫിത്തർ ആഘോഷിക്കുന്നത്. പുതു വസ്ത്രങ്ങൾ ധരിച്ചും കൈകളിൽ മൈലാഞ്ചി അണിഞ്ഞും ഈദ് ഗാഹുകളിലും പള്ളികളിലും പ്രത്യേക നമസ്കാരത്തിൽ പങ്കെടുത്തും ഈ ദിനം ആഘോഷിക്കുന്നു. കോന്നിയിൽ വീട്ടിൽ ഒത്തു ചേർന്ന് കൈകളിൽ മൈലാഞ്ചി അണിയുന്നവർ ഫോട്ടോ : ജയകൃഷ്ണൻ ഓമല്ലൂർ

എൽഡിഎഫ് ആറന്മുള മണ്ഡലം കമ്മിറ്റി ഓഫീസ് സിപിഐ എം ജില്ലാ സെക്രട്ടറി രാജു ഏബ്രഹാം ഉദ്ഘാടനംചെയ്യുന്നു

എൽഡിഎഫ് ആറന്മുള മണ്ഡലം കമ്മിറ്റി ഓഫീസ് തുറന്നു

പത്തനംതിട്ട

എൽഡിഎഫ് ആറന്മുള നിയോജക മണ്ഡലം കമ്മിറ്റി ഓഫീസ് തുറന്നു. സിപിഐ എം ജില്ലാ സെക്രട്ടറി രാജു ഏബ്രഹാം ഉദ്ഘാടനം ചെയ്തു. സെന്റ് പീറ്റേഴ്സ് ജങ്ഷൻ– വെട്ടിപ്രം റോഡിലാണ് ഓഫീസ്.

സിപിഐ എം സംസ്ഥാന കമ്മിറ്റിയംഗം കെ പി ഉദയഭാനു, എൽഡിഎഫ് നേതാക്കളായ അഡ്വ. ഓമല്ലൂർ ശങ്കരൻ, എം വി സഞ്ജു, എൻ സജികുമാർ, ചെറിയാൻ ജോർജ് തമ്പു, അഡ്വ. ശരത് ചന്ദ്രൻ, മാത്യൂസ് ജോർജ്, ഷാഹുൽ ഹമീദ്, അഡ്വ. ടി സക്കീർ ഹുസൈൻ, വർഗീസ് മുളയ്ക്കൽ, ബി ഹരിദാസ്, കെ സി രാജഗോപാലൻ, നിസാർ നൂർമഹൽ, സുമേഷ് ഐശ്വര്യ തുടങ്ങിവർ പങ്കെടുത്തു.

എൽഡിഎഫ് പ്രവർത്തകയോഗം ഇന്ന്

കോഴഞ്ചേരി

എൽഡിഎഫ് സ്ഥാനാർഥി വീണാ ജോർജിന്റെ തെരഞ്ഞെടുപ്പ് പ്രചരണാർഥം നടത്തുന്ന എൽഡിഎഫ് കോഴഞ്ചേരി പഞ്ചായത്ത് പ്രവർത്തകയോഗം വെള്ളിയാഴ്ച നടക്കും. വൈകിട്ട് 4.30ന് കോഴഞ്ചേരി വൈഎംസിഎ ഹാളിൽ നടക്കുന്ന യോഗം സിപിഐ എം കോഴഞ്ചേരി ഏരിയ സെക്രട്ടറി ടി വി സ്റ്റാലിൻ ഉദ്ഘാടനം ചെയ്യും. എൽഡിഎഫ് നേതാക്കളായ അഡ്വ. ഓമല്ലൂർ ശങ്കരൻ, മാത്യൂസ് ജോർജ്ജ്, ചെറിയാൻ ജോർജ് തമ്പു, അഡ്വ.ശരത് ചന്ദ്രകുമാർ, കുര്യൻ മടയ്ക്കൽ, ബിജോ പി മാത്യൂ എന്നിവർ പങ്കെടുക്കും.

ഓമല്ലൂരിൽ ഇന്ന് ഡോഗ് ഷോ

പത്തനംതിട്ട

ഓമല്ലൂർ വയൽ വാണിഭത്തിന്റെ ആറാം ദിവസമായ വെള്ളി പകൽ 3 മുതൽ ആര്യ ഭാരതി സ്കൂൾ അങ്കണത്തിൽ ഡോഗ് ഷോയും വളർത്തുനായ്ക്കളുടെ മത്സര പ്രദർശനവും നടക്കും.

പ്രചാരണം വേഗത്തിലാക്കി എൽഡിഎഫ് പഞ്ചായത്ത് കൺവൻഷനുകൾ

ചിറ്റാർ

എൽഡിഎഫ് സ്ഥാനാർഥിയുടെ വിജയമുറപ്പിക്കാൻ പഞ്ചായത്ത് കൺവൻഷനുകൾ ചേർന്നു.

എൽഡിഎഫ് സീതത്തോട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രവർത്തക കൺവൻഷൻ സിപിഐ എം ജില്ലാ കമ്മിറ്റിയംഗം എസ് ഹരിദാസ് ഉദ്ഘാടനം ചെയ്തു. പി കെ വാസുദേവൻ അധ്യക്ഷനായി. കേരള കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് രാജൻ ഉതുപ്പാൻ, ജോബി ടി ഈശോ, പി ആർ പ്രമോദ്, ലേഖ സുരേഷ്, ജയ്സൺ ജോസഫ് സാജൻ, എം എസ് ബിനു, കെ കെ മോഹനൻ, പി എസ് സുജ, പി ആർ മഹേഷ് എന്നിവർ സംസാരിച്ചു. ആങ്ങമൂഴി മേഖല പ്രസിഡന്റായി പി കെ വാസുദേവൻ, സെക്രട്ടറി പി ആർ പ്രമോദ് സീതത്തോട് മേഖലാ പ്രസിഡന്റായി സജി മുള്ളാനിൽ, സെക്രട്ടറി ജോബി ടി ഈശോ എന്നിവരെ തെരഞ്ഞെടുത്തു.

എൽഡിഎഫ് ചിറ്റാർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രവർത്തക കൺവൻഷൻ ചിറ്റാറിൽ ചേർന്നു. സിപിഐ കോന്നി മണ്ഡലം സെക്രട്ടറി ദീപുകുമാർ ഉദ്ഘാടനം ചെയ്തു. എൽഡിഎഫ് ചിറ്റാർ പഞ്ചായത്ത് കൺവീനർ രാജു വട്ടമല അധ്യക്ഷനായി. എൽഡിഎഫ് നേതാക്കളായ കെ ജി മുരളീധരൻ, ടി കെ സജി, വി എ സലിം, ആർ സജികുമാർ, കെ ജി അനിൽകുമാർ, ഷൈലജ ബീവി, ചെറിയാൻ കോശി, റെജി തോമസ്, ജേക്കബ് ജോർജ്ജ്, അഷറഫ് ആനപ്പാറ എന്നിവർ സംസാരിച്ചു.

KERALA BANK Kerala State Co-operative Bank

കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

റീജിയണൽ ഓഫീസ്, ആലപ്പുഴ

ആലപ്പുഴ – 688 001 ഫോൺ: 0477 -2251682, 683, 684, ഇ–മെയിൽ: alpro@keralabank.co.in, alprorecovery@keralabank.co.in

വസ്തു ഇ–ലേല വിൽപന പരസ്യം

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, റൂൾ 8(6) പ്രകാരം ബാങ്ക് കൈവശപ്പെടുത്തിയ വസ്തുവിന്റെ ഇ-ലേല വിൽപന നോട്ടീസ് (ഓൺലൈൻ മുഖാന്തിരം). താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ SARFAESI Act 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവരവസ്തു, വസ്തുവിന്റെ നിലവിലുള്ള സ്ഥിതിയിൽ അതായത് 'എവിടെയാണോ, എങ്ങനെയാണോ, ഏതൊക്കെയാണോ' എന്ന അടിസ്ഥാനത്തിൽ **23.04.2026-ാം തീയതി രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ** വിൽപന നടത്തുന്ന വിവരം വായ്പക്കാരേയും ജാമ്യക്കാരേയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ശാഖ, വായ്പ നമ്പർ, ബാക്കി നിൽപ്പ് തുക	റിസർവ്വ് തുക	ഇ.എം.ഡി തുക	ഈട് വസ്തു സംബന്ധിച്ച വിവരങ്ങൾ
1	(1) രഞ്ജിത്കുമാർ എം., തോട്ടത്തിൽ പുത്തൻവീട്, വയല പി.ഒ. 2) രേഷ്മ യു., തോട്ടത്തിൽ പുത്തൻവീട്, വയല പി.ഒ.	ഏനാത്ത് 117860454200929 03.02.2026 ൽ Rs.12,78,704/-	Rs. 18,65,000/-	Rs. 1,86,500/-	രേഷ്മ എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, ഏറാത്ത് വില്ലേജിൽ റീ സർവ്വെ നമ്പർ 532/3 ൽ ഉൾപ്പെട്ട 19.10 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: പുട്ടൂർ ഗ്രൂപ്പ് വക വസ്തു, തെക്ക്: റോഡ്, പടിഞ്ഞാറ്: ചെല്ലപ്പൻ വക വസ്തു, വടക്ക്: അമ്മിണി വക വസ്തു.
2	(1) ബിനു കെ., ശാന്തി ഭവൻ, അറുകാലിക്കൽ ഈസ്റ്റ്, ഏഴംകുളം.	ഏനാത്ത് 117860322000073 03.02.2026 ൽ Rs.18,65,512/-	Rs. 10,00,000/-	Rs. 1,00,000/-	ബിനു കെ. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ ഏഴംകുളം വില്ലേജിൽ റീ സർവ്വെ നമ്പർ 250/5-1, 250/5 ൽ ഉൾപ്പെട്ട 5.35 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: അലക്സ് വക വസ്തു, തെക്ക്: തോമസ് വക വസ്തു, പടിഞ്ഞാറ്: തോമസ് വക വസ്തു, വടക്ക്: ഗോപാലൻ വക വസ്തു.
3	(1) പ്രഭാവതി, വിനോദ് ഭവൻ, മണ്ണടി, അടൂർ (2) വിനോദ് കുമാർ, വിനോദ് ഭവൻ, മണ്ണടി, അടൂർ.	ഏനാത്ത് 117860356000301 31.01.2026 ൽ Rs.54,81,678/-	Rs. 35,76,000/-	Rs. 3,57,600/-	വിനോദ്കുമാർ എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, കടമ്പനാട് വില്ലേജിൽ, റീ സർവ്വെ നമ്പർ 368/11 ൽ ഉൾപ്പെട്ട 12.70 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: ചന്ദ്രശേഖരൻ വക വസ്തു, തെക്ക്: കുഞ്ഞുമോൻ വക വസ്തു, പടിഞ്ഞാറ്: സക്കീർ ഹുസൈൻ വക വസ്തു, വടക്ക്: നടവഴി.
4	(1) ഷൈലജ, നമിത ഭവൻ, പുതുശ്ശേരി ഭാഗം, വയല പി.ഒ., (2) രതി സുരേന്ദ്രൻ, നമിത ഭവൻ, പുതുശ്ശേരി ഭാഗം, വയല പി.ഒ., (3) സോമരാജൻ, നമിത ഭവൻ, പുതുശ്ശേരി ഭാഗം, വയല പി.ഒ., (4) അരുൺകുമാർ, നമിത ഭവൻ, പുതുശ്ശേരി ഭാഗം, വയല പി.ഒ.	ഏനാത്ത് 117860356000709 31.01.2026 ൽ Rs.1,27,78,647/-	Rs. 1,03,00,000/-	Rs. 10,30,000/-	രതി സുരേന്ദ്രൻ എന്നയാളുടെ പേരിൽ കൊല്ലം ജില്ലയിൽ, കൊട്ടാരക്കര താലൂക്കിൽ, കലയപുരം വില്ലേജിൽ, റീ സർവ്വെ നമ്പർ 18/7 ൽ ഉൾപ്പെട്ട 29.35 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: ഭാസ്കരൻപിള്ള വക വസ്തു, തെക്ക്: റോഡ്, പടിഞ്ഞാറ്: തോട്ടകത്ത് ഇല, വടക്ക്: പഞ്ചായത്ത് വഴി.
5	(1) ശിവദാസൻ പിള്ള, പറങ്കിമാംവിളയിൽ വീട്, ചൂരക്കോട് മുറി, ചൂരക്കോട്. (2) ഇന്ദിരാദേവി, പറങ്കിമാംവിളയിൽ വീട്, ചൂരക്കോട് മുറി, ചൂരക്കോട്	ഏനാത്ത് 117860356000442, 117860356000206 31.01.2026 ൽ Rs.76,00,319/-	Rs. 25,81,000/-	Rs. 2,58,100/-	ശിവദാസൻ പിള്ള എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, ഏനാത്ത് വില്ലേജിൽ റീ സർവ്വെ സർവ്വെ നമ്പർ 297/4 ൽ ഉൾപ്പെട്ട 20.90 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: ശശിധരൻ വക വസ്തു, തെക്ക്: രേണുനാഥൻ വക വസ്തു, പടിഞ്ഞാറ്: റിനു ഡാനിയേൽ വക വസ്തു, വടക്ക്: ശിവദാസൻപിള്ള വക വസ്തു.
6	(1) രാജേഷ് ആർ., ഇന്ദിര സദനം, നെല്ലിമുകൾ പി.ഒ., നെല്ലിമുകൾ. (2) അർച്ചന, ഇന്ദിര സദനം, നെല്ലിമുകൾ പി.ഒ., നെല്ലിമുകൾ.	കടമ്പനാട് 118160356001807 03.02.2026 ൽ Rs.22,65,985/-	Rs. 26,32,000/-	Rs. 2,63,200/-	അർച്ചന രാജേഷ് എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, പെരിങ്ങനാട് വില്ലേജിൽ, റീ സർവ്വെ നമ്പർ 514/3/1 ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: വിജയൻ വക വസ്തു, തെക്ക്: റോഡ്, പടിഞ്ഞാറ്: രാജേഷ് വക വസ്തു, വടക്ക്: രാജേഷ് വക വസ്തു.
7	(1) മനോജ് ബി, പടിഞ്ഞാറ്റടത്ത്, തോട്ടുവ, ആനയടി പി.ഒ., (2) മായാകുമാരി, പടിഞ്ഞാറ്റടത്ത്, തോട്ടുവ, ആനയടി പി.ഒ.	നെല്ലിമുകൾ 119860356000862 31.01.2026 ൽ Rs.16,57,034/-	Rs. 20,00,000/-	Rs. 2,00,000/-	മായാകുമാരി എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, പള്ളിക്കൽ വില്ലേജിൽ, റീ സർവ്വെ നമ്പർ 504/5-1 ൽ ഉൾപ്പെട്ട 20.24 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: പഞ്ചായത്ത് വഴി, പടിഞ്ഞാറ്: സുകുമാരൻ വക വസ്തു, തെക്ക്: ഉഷാകുമാരി വക വസ്തു, വടക്ക്: സരസ്വതിയമ്മ വക വസ്തു.
8	(1) മിനി ഉത്തമൻ, കാട്ടുവീട്ടിൽ പുത്തൻവീട്, കുമ്മണ്ണൂർ പി.ഒ., (2) ഉത്തമൻ, കാട്ടുവീട്ടിൽ പുത്തൻവീട്, കുമ്മണ്ണൂർ പി.ഒ.	അരുവാപ്പുലം 117060356000709 06.01.2026 ൽ Rs.36,48,925/-	Rs. 15,00,000/-	Rs. 1,50,000/-	മിനി ഉത്തമൻ എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, വള്ളിക്കോട് വില്ലേജിൽ, റീ സർവ്വെ നമ്പർ 235/16-1, 235/16 ൽ ഉൾപ്പെട്ട 10.06 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: രാജേന്ദ്രൻ വക വസ്തു, തെക്ക്: തടന്യത്ത് വക വസ്തു, പടിഞ്ഞാറ്: പഞ്ചായത്ത് റോഡ്, വടക്ക്: രാജേന്ദ്രൻ.
9	(1) സന്തോഷ് മാത്യു, തറയേലേത്ത് വീട്, പെരിഞ്ഞോട്ടക്കൽ, കോന്നി, (2) മേരിക്കുട്ടി, തറയേലേത്ത് വീട്, പെരിഞ്ഞോട്ടക്കൽ, കോന്നി, (3) ശോശാമ്മ മാത്യു, തറയേലേത്ത് വീട്, പെരിഞ്ഞോട്ടക്കൽ, കോന്നി.	കോന്നി 118660356000474 03.02.2026 ൽ Rs.67,28,984/-	Rs. 15,00,000 +25,00,000= 40,00,000/-	Rs. 1,50,000 +2,50,000 =4,00,000/-	സന്തോഷ് മാത്യു എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, പ്രമാടം, കോന്നി എന്നീ വില്ലേജുകളിൽ റീ സർവ്വെ നമ്പർ 393/18, 164/8-2-1 ൽ ഉൾപ്പെട്ട 04.05 + 04.05=9 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: വസ്തു 1: (സർവ്വെ നമ്പർ 393/18) കിഴക്ക്: വഴി, തെക്ക്: ഉതിമൂട്ടിൽ വക വസ്തു, പടിഞ്ഞാറ്: മോനി വക വസ്തു, വടക്ക്: വഴി, വസ്തു 2: (സർവ്വെ നമ്പർ 164/8-2-1): കിഴക്ക്: ഇബ്രാഹിം വക വസ്തു, തെക്ക്: റോഡ്, പടിഞ്ഞാറ്: ജോർജ്ജ് മാത്യു വക വസ്തു, വടക്ക്: ജോർജ്ജ് മാത്യു വക വസ്തു.
10	(1) അജേഷ് കെ.എൻ., കൊച്ചുമനയിൽ, നിഷ നിവാസ്, ഏറം പി.ഒ., മലയാലപ്പുഴ. (2) സൗദാമിനി കെ.കെ, കൊച്ചുമനയിൽ, നിഷ നിവാസ്, ഏറം പി.ഒ., മലയാലപ്പുഴ. (3) അഖിലേഷ് കെ.എൻ., കൊച്ചുമനയിൽ, നിഷ നിവാസ്, ഏറം പി.ഒ., മലയാലപ്പുഴ.	പുതുകുളം 121260471000433 05.01.2026 ൽ Rs.12,79,624/-	Rs. 14,00,000/-	Rs. 1,40,000/-	സൗദാമിനി എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, വടശ്ശേരിക്കര വില്ലേജിൽ, റീ സർവ്വെ നമ്പർ 702/1/76 ൽ ഉൾപ്പെട്ട 38.40 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: സദാശിവൻ വക വസ്തു, തെക്ക്: റോഡ്, പടിഞ്ഞാറ്: തമ്പി വക വസ്തു, വടക്ക്: വിംറോക്ക് വക വസ്തു.
11	(1) ഗീത കെ.ആർ., കൊളശ്ശേരിൽ, താഴം പി.ഒ., മലയാലപ്പുഴ, (2) അജിത കെ.ആർ, ദേവി സദനം, താഴം പി.ഒ., മലയാളപ്പുഴ, (3) സരോജിനി, കൊളശ്ശേരിൽ, താഴം പി.ഒ., മലയാലപ്പുഴ.	പുതുകുളം 121260454000464 31.01.2026 ൽ Rs.16,35,003/-	Rs. 5,00,000/-	Rs. 50,000/-	ഗീത കെ.ആർ., എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, മലയാലപ്പുഴ വില്ലേജിൽ, റീ സർവ്വെ നമ്പർ 175/5-2 ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: നടവഴി, തെക്ക്: പഞ്ചായത്ത് റോഡ്, പടിഞ്ഞാറ്: കെ.ആർ. ശ്യാമള വക വസ്തു, വടക്ക്: കെ.ആർ. ശ്യാമള വസ്തു.
12	(1) മോഹൻകുമാർ, ഏലക്കുളത്തു പുത്തൻ വീട്, മലയാലപ്പുഴ, താഴം, (2) ഉഷാകുമാരി, ഏലക്കുളത്തു പുത്തൻ വീട്, മലയാലപ്പുഴ, താഴം, (3) മഹേഷ് മോഹൻ, ഏലക്കുളത്തു പുത്തൻ വീട്, മലയാലപ്പുഴ, താഴം.	പുതുകുളം 121260356000096 31.01.2026 ൽ Rs.53,85,613/-	Rs. 13,11,000/-	Rs. 1,31,100/-	മോഹൻകുമാർ എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, മലയാലപ്പുഴ വില്ലേജിൽ, റീ സർവ്വെ നമ്പർ 208/14, 208/4 ൽ ഉൾപ്പെട്ട 4+13.70 = 17.70 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: തോട്, തെക്ക്: ഓമനക്കുട്ടൻ വക വസ്തു, പടിഞ്ഞാറ്: റോഡ്, വടക്ക്: കുഞ്ഞികൃഷ്ണൻനായർ വക വസ്തു.
13	(1) ശരണ്യ വി., ശ്രീവിലാസം, കോട്ടങ്ങൽ പി.ഒ., മല്ലപ്പള്ളി. (2) എം.വി. കൃഷ്ണ പണിക്കർ, ശ്രീവിലാസം, കോട്ടങ്ങൽ പി.ഒ., മല്ലപ്പള്ളി	ചുങ്കപ്പാറ 117560356000272 03.02.2026 ൽ Rs.51,87,678/-	Rs. 23,10,900/-	Rs. 2,31,090/-	എം.വി. കൃഷ്ണപണിക്കർ എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, മല്ലപ്പള്ളി താലൂക്കിൽ, കോട്ടങ്ങൽ വില്ലേജിൽ റീ സർവ്വെ നമ്പർ 102/5 ൽ ഉൾപ്പെട്ട 08.00 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: രാജേന്ദ്രൻ വക വസ്തു, തെക്ക്: കൃഷ്ണൻകുട്ടി വക വസ്തു, പടിഞ്ഞാറ്: റോഡ്, വടക്ക്: ഷാജി വക വസ്തു.
14	(1) പ്രമോദ് എം.കെ., ശ്രീവിലാസം, കോട്ടങ്ങൽ, കുളത്തൂർ പി.ഒ., മല്ലപ്പള്ളി	വയ്പൂർ 122560356000166 02.02.2026 ൽ Rs.1,27,85,306/-	Rs. 39,00,000/-	Rs. 3,90,000/-	പ്രമോദ് എം.കെ. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, മല്ലപ്പള്ളി താലൂക്കിൽ, കോട്ടങ്ങൽ വില്ലേജിൽ, റീ സർവ്വെ നമ്പർ 37/18, 37/19, 37/20 ൽ ഉൾപ്പെട്ട 10.20+6.30+6.50=23 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: റോഡ്, തെക്ക്: രാധാകൃഷ്ണൻ വക വസ്തു, പടിഞ്ഞാറ്: ചാക്കോ മത്തായി വക വസ്തു, വടക്ക്: കിഴക്കേ താന്നിക്കാപൊയ്കയിൽ വക വസ്തു.
15	(1) ശരത്ചന്ദ്രബാബു കെ.ആർ., തോമ്പിൽ തറയിൽ, ഇളംപള്ളിൽ, പയ്യനല്ലൂർ പി.ഒ., (2) തങ്കമണി പിള്ള, തോമ്പിൽ തറയിൽ, ഇളംപള്ളിൽ, പയ്യനല്ലൂർ പി.ഒ.	പഴകുളം 120760356000304 03.02.2026 ൽ Rs.28,16,416/-	Rs. 12,00,000/-	Rs. 1,20,000/-	ശരത്ചന്ദ്രബാബു എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, പള്ളിക്കൽ വില്ലേജിൽ, റീ സർവ്വെ നമ്പർ 64/7 ൽ ഉൾപ്പെട്ട 10.20 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: റോഡ്, തെക്ക്: അനിയൻ വക വസ്തു, പടിഞ്ഞാറ്: രവീന്ദ്രൻ വക വസ്തു, വടക്ക്: കുഞ്ഞുകുഞ്ഞ് വക വസ്തു.
16	(1) മനോജ്കുമാർ ആർ., പള്ളിയിൽ പുത്തൻവീട്, താഴം പി.ഒ., മലയാലപ്പുഴ. (2) കെ.പി. ബിജി, പള്ളിയിൽ പുത്തൻവീട്, താഴം പി.ഒ., മലയാലപ്പുഴ.	പത്തനംതിട്ട 101760356000073 02.02.2026 ൽ Rs.9,41,502.45	Rs. 5,60,000/-	Rs. 56,000/-	മനോജ്കുമാർ & കെ.പി. ബിജി എന്നിവരുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, പത്തനംതിട്ട വില്ലേജിൽ, റീ സർവ്വെ നമ്പർ 150/1-1-459 ൽ ഉൾപ്പെട്ട 05.60 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: രാജൻ ആചാരി വക വസ്തു & വഴി, തെക്ക്: രാമചന്ദ്രൻ നായർ വക വസതു, പടിഞ്ഞാറ്: ഭവാനിയമ്മ വക വസ്തു, വടക്ക്: റോഡ്.
17	(1) സ്കറിയ സി.വി., ചിറയിൽ ഹൗസ്, ചാത്തൻതറ പി.ഒ., കുറുമ്പൻമൂഴി. (2) ജെയ്നി, ചിറയിൽ ഹൗസ്, ചാത്തൻതറ പി.ഒ., കുറുമ്പൻമൂഴി.	വെച്ചൂച്ചിറ 122760496200207 24.11.2025 ൽ Rs. 10,28,000/-	Rs. 30,00,000/-	Rs. 3,00,000/-	സ്കറിയ സി.വി. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ റീ.സർവ്വേ നമ്പർ 780/1-1-194 ൽ ഉൾപ്പെട്ട 80.94 ആർ സ്ഥലവും അതിലുള്ള സകലവകകളും. അതിരുകൾ: കിഴക്ക്: റോഡ്, തെക്ക്: കുഞ്ഞുമോൻ വക വസ്തു, പടിഞ്ഞാറ്: ഓമനക്കുട്ടൻ വക വസ്തു, വടക്ക്: മധു വക വസ്തു.
18	(1) ബിജു ആർ പിള്ള, ചന്ദ്രമംഗലം, കക്കാട്, മാമ്പറ പി.ഒ. (2) ലീലാമ്മ കെ.എസ്., ചന്ദ്രമംഗലം, കക്കാട്, മാമ്പറ പി.ഒ.	റാന്നി പെരുനാട് 121460356001435 03.02.2026 ൽ Rs. 53,15,926/-	Rs. 66,00,000/-	Rs. 6,60,000/-	ബിജു ആർ പിള്ള എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, പെരുനാട് വില്ലേജിൽ, റീ സർവ്വേ നമ്പർ 740/1A, 740/1B, 751/160 ൽ ഉൾപ്പെട്ട 70.82 ആർ സ്ഥലവും അതിലുള്ള സകലവകകളും. അതിരുകൾ: കിഴക്ക്; പരമേശ്വരൻ പിള്ള, തെക്ക്; ലിറ്റിൽ ഫ്ളവർ എസ്റ്റേറ്റ് വക വസ്തു, പടിഞ്ഞാറ്: തോട്, വടക്ക്: റോഡ്.
19	(1) ഷാജി ഒ.എച്ച്, ഒലികപത്തലിൽ, കൂനംകര പി.ഒ. (2) അനീഷ ഷാജി, ഒലികപത്തലിൽ, കൂനംകര പി.ഒ.	അത്തിക്കയം 117160356000058 21.01.2026 ൽ Rs. 72,82,656/-	Rs. 13,70,000/-	Rs. 1,37,000/-	ഷാജി ഒ.എച്ച്. എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, പെരുനാട് വില്ലേജിൽ റീ സർവ്വേ നമ്പർ 804/1-13-1-19 ൽ ഉൾപ്പെട്ട 55.44 ആർ സ്ഥലവും അതിലുള്ള സകല വകകളും. അതിരുകൾ: കിഴക്ക്: പഞ്ചായത്ത് റോഡ്, തെക്ക്: സലിമോൻ ഷെരീഫ് വക വസ്തു, പടിഞ്ഞാറ്: സുലൈമാൻ റാവുത്തർ വക വസ്തു, വടക്ക്: സജീവ് വക വസ്തു.
20	(1) വിനോദ് കുരിയൻ, താഴോംപാടിക്കൽ, തൊമ്പിക്കണ്ടം പി.ഒ., റാന്നി. (2) അബ്രഹാം തോമസ്, തുണ്ടിയിൽ, ചെല്ലക്കാട് പി.ഒ., (3) അബ്രഹാം വർഗ്ഗീസ്, വലിയകലയിൽ, എട്ടിച്ചുവട് പി.ഒ.	അത്തിക്കയം 117160356000125 03.02.2026 ൽ Rs. 50,05,090/-	Rs. 12,45,000/-	Rs. 1,24,500/-	അബ്രഹാം തോമസ് & അബ്രഹാം വർഗ്ഗീസ് എന്നിവരുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, കൊല്ലമുള വില്ലേജിൽ റീ സർവ്വേ നമ്പർ 780/1/2/3420 ൽ ഉൾപ്പെട്ട 25.27 ആർ സ്ഥലവും അതിലുള്ള സകലവകകളും. അതിരുകൾ: കിഴക്ക്: സ്വകാര്യ റോഡ്, തെക്ക്: ചന്ദ്രൻ വക വസ്തു, പടിഞ്ഞാറ്: മത്തായി വക വസ്തു, വടക്ക്: അബ്രഹാം വക വസ്തു.
21	(1) വേണുഗോപാൽ വി, വരണേത്ത് ഹൗസ്, നെല്ലിക്കല പി.ഒ., ഇലന്തൂർ (2) ശാരദാമ്മ കെ., വരണേത്ത് ഹൗസ്, നെല്ലിക്കല പി.ഒ., ഇലന്തൂർ (3) സിന്ധു, വരണേത്ത് ഹൗസ്, നെല്ലിക്കല പി.ഒ., ഇലന്തൂർ	വരിയപുരം 122660356000175 31.01.2026 ൽ Rs. 4,00,968/-	Rs. 5,50,000/-	Rs. 55,000/-	വേണുഗോപാൽ വി എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, ഇലന്തൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 35/20-1 ൽ ഉൾപ്പെട്ട 4.50 ആർ സ്ഥലവും അതിലുള്ള സകലവകകളും. അതിരുകൾ: കിഴക്ക്: പുലിയേറ്റിൽ വക വസ്തു, തെക്ക്: റോഡ്, പടിഞ്ഞാറ്: വാഴൂർ ഇല്ലം വക വസ്തു, വടക്ക്: നാല് മീറ്റർ വീതിയുള്ള വഴി.
22	(1) ശരത്ത്കൃഷ്ണൻ, ശ്യാംവിലാസം, മലയാലപ്പുഴ, താഴം. (2) ശ്യാമള കുമാരി, ശ്യാംവിലാസം, മലയാലപ്പുഴ, താഴം.	പത്തനംതിട്ട 101760356000523 02.02.2026 ൽ Rs. 48,49,338/-	Rs. 15,75,000/-	Rs. 1,57,500/-	ശരത്ത് കൃഷ്ണൻ എന്നയാളുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, പത്തനംതിട്ട വില്ലേജിൽ റീ സർവ്വേ നമ്പർ 150/1-302-1, 150/1-1-304-1 ൽ ഉൾപ്പെട്ട 14.16 ആർ സ്ഥലവും അതിലുള്ള സകലവകകളും. അതിരുകൾ: കിഴക്ക്: സോമൻ വക വസ്തു, വടക്ക്: മേപ്പുറത്ത് മുരുപ്പേൽ വകവസ്തു, തെക്ക്: വഴി, പടിഞ്ഞാറ്: പ്രസന്നകുമാർ വക വസ്തു.

വിൽപനയെക്കുറിച്ചുള്ള വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാങ്കിന്റെ വെബ്സൈറ്റായ **www.keralabank.in,** സർവ്വീസ് പ്രൊവൈഡറായ C1 India Pvt. Ltd ന്റെ ഇ-ഓക്ഷൻ വെബ്സൈറ്റായ **https://www.bankeauctions.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ (Contact Details: **ഫോൺ: +91-124-4302020/21/22, +91-7291981124/1125/1126, Email id-support@bankeauctions.com),** ബാങ്കിന്റെ ആലപ്പുഴ റീജിയണൽ ഓഫീസ്, മുനിസിപ്പൽ ടൗൺ ഹാളിന് എതിർവശം, ആലപ്പുഴ - 688001 മായോ, ക്രെഡിറ്റ് പ്രോസ്സസ്സിംഗ് സെന്റർ പത്തനംതിട്ടയുമായോ ബന്ധപ്പെടേണ്ടതാണ്. **Email id: alpro@keralabank.co.in, alprorecovery@keralabank.co.in, ptacpc@keralabank.co.in : Phone (RO) 0477-2251682,1683,1684, (CPC-Pathanamthitta) 0468 -2222271,5342,1705,1675.**

സ്ഥലം: ആലപ്പുഴ, തീയതി: 16-03-2026 **(ഒപ്പ്) അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്**

ലിറ്റിൽ കൈറ്റ്സ് ഒന്നാംസ്ഥാനം റോഡ് ഷോ സംഘടിപ്പിച്ചു

കോഴഞ്ചേരി

സംസ്ഥാനതലത്തിൽ തുടർച്ചയായി രണ്ടാം തവണയും ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ ഒന്നാംസ്ഥാനം നേടിയ ആറന്മുള എഎംഎം ഹയർസെക്കൻഡറി സ്കൂളിന്റെ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ റോഡ് ഷോ സംഘടിപ്പിച്ചു. സ്കൂൾ മാനേജർ ഡോ. ടി ടി സക്കറിയ, പ്രിൻസിപ്പൽ വർഗീസ് മാത്യു തരകൻ, ഹെഡ്മിസ്ട്രസ് അനില സാമുവൽ, ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ആശാ പി മാത്യു, ലക്ഷ്മി പ്രകാശ്, അധ്യാപകരായ സുനു മേരി സാമുവൽ, ബിന്ദു കെ ഫിലിപ്പ്, പിടിഎ പ്രസിഡന്റ് രാജീവ് കുമാർ, സ്കൂൾ ബോർഡ് സെക്രട്ടറി റോണി എം എബ്രഹാം എന്നിവർ സംസാരിച്ചു. സ്കൂളിൽ നിന്ന് ആരംഭിച്ച റോഡ് ഷോ പൂവത്തൂർ, കരിയില മുക്ക്, ആറാട്ടുപുഴ, മുളക്കുഴ, പുത്തൻകാവ്, കാരക്കാട്, കോട്ട, എഴിക്കാട്, വല്ലന, കിടങ്ങന്നൂർ, മെഴുവേലി, കോട്ടയ്ക്കകം, ആറന്മുള എന്നിവിടങ്ങളിലൂടെ സഞ്ചരിച്ച് കോഴിപ്പാലത്ത് സമാപിച്ചു. ലിറ്റിൽ കൈറ്റ്സ്, എൻസിസി, ജെആർസി ക്ലബ്ബുകളിലെ വിദ്യാർഥികൾ റോഡ് ഷോയിൽ പങ്കെടുത്തു. വിവിധ കേന്ദ്രങ്ങളിൽ ജനപ്രതിനിധികളെയും ആദരിച്ചു.

വെട്ടൂർ ആയിരവില്ലൻ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ വാർഷികം ഇന്ന്

വെട്ടൂർ

ആയിരവില്ലൻ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാവാർഷികം ഇന്ന്. ക്ഷേത്രം തന്ത്രി കണ്ഠരര് മോഹനരുടെ മുഖ്യ കാർമ്മികത്വത്തിൽ മഹാനിവേദ്യത്തോട് കൂടി കലശപൂജ, കിരാതമൂർത്തിപൂജ കലശാഭിഷേകം, വിശേഷാൽ പൂജകൾ എന്നിവ നടക്കും. ക്ഷേത്രം മേൽശാന്തി ഇ പി ജയരാജൻ പോറ്റി കാർമികത്വം വഹിക്കും. രാവിലെ 8.30ന് അന്നദാനം, വൈകിട്ട് 6.30ന് ദീപാരാധന.

അമ്മയും കുഞ്ഞും

കേരളത്തിലെ ഏറ്റവും വലിയ പ്രസവാനന്തര പരിചരണ സ്ഥാപനത്തിലേക്ക് നിങ്ങൾക്കും തൊഴിലവസരം

സ്ത്രീകൾക്ക് ഉടൻ നിയമനം 8281809999

പെരിങ്ങരയിൽ ബിജെപി പ്രവർത്തകന്റെ ആക്രമണത്തിൽ പരിക്കേറ്റവരെ സിപിഐ എം ജില്ലാ സെക്രട്ടറി രാജു ഏബ്രഹാമിന്റെ നേതൃത്വത്തിൽ നേതാക്കൾ സന്ദർശിക്കുന്നു

പരാജയഭീതിയിൽ ആക്രമണത്തിന് ബിജെപി ശ്രമം: രാജു ഏബ്രഹാം

തിരുവല്ല

നിയമസഭ തെരഞ്ഞെടുപ്പിൽ തിരുവല്ലയിൽ ബോധപൂർവം സംഘർഷം ഉണ്ടാക്കാനാണ് ആർഎസ്എസ് ബിജെപി ശ്രമമെന്ന് സിപിഐ എം ജില്ലാ സെക്രട്ടറി രാജു ഏബ്രഹാം പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് പെരിങ്ങരയിൽ സിപിഐ എം പ്രവർത്തകർക്ക് നേരേ മാരകമായ അക്രമം അഴിച്ചുവിട്ടത്. ബിജെപി പ്രവർത്തകന്റെ ആക്രമണത്തിൽ പരിക്കേറ്റവരെ തിരുവല്ല താലൂക്കാശുപത്രിയിൽ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു ജില്ലാ സെക്രട്ടറി. ഏതാനും ദിവസങ്ങളായി ബോധപൂർവ്വം സംഘർഷം ഉണ്ടാക്കാൻ ബിജെപി ശ്രമം നടത്തുകയാണ്.

സിപിഐ എം ലോക്കൽ സെക്രട്ടറിയായിരുന്ന പി ബി സന്ദീപ്കുമാറിനെ കൊലപ്പെടുത്തിയ അതേ സ്ഥലത്ത് തന്നെയാണ് അക്രമം നടത്തുന്നത്. തിരുവല്ലയിൽ ബിജെപി പണംഒ ഴുക്കുകയാണ്. പണം ഇറക്കിയിട്ടും ക്ലച്ച് പിടിക്കുന്നില്ലാത്തതിനാലാണ് അക്രമത്തിന്റെ പാതയിലേക്ക് മാറിയത്. നിയമസഭാ തെരഞ്ഞെടുപ്പ് സമാധാനത്തോടെ നടത്തണമെന്നാണ് എൽഡിഎഫിന്റെ ആഗ്രഹം. ജനാധിപത്യ വിശ്വാസികൾ ബിജെപിയുടെ ഗുണ്ടായിസം തള്ളിക്കളയണമെന്നും രാജു ഏബ്രഹാം പറഞ്ഞു. ജില്ലാ സെക്രട്ടറിയറ്റംഗം ആർ സനൽകുമാർ, ജില്ലാ കമ്മിറ്റി അംഗം ഫ്രാൻസിസ് വി ആന്റണി, ഏരിയാ സെക്രട്ടറി ബിനിൽകുമാർ എന്നിവരും ഒപ്പമുണ്ടായിരുന്നു.